بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 05.11.2021

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

### തഹ്‌രീകെ ജദീദ് 88-ാം പുതുവത്സര വിളംബരം

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അല്ലാഹു വിശ്വാസികളുടെ സവിശേഷതകളായി വിവരിച്ചിരിക്കുന്നതിൽ ഒന്ന് അവർ അവരുടെ പരിശുദ്ധമായ ധനം അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരായിരിക്കും എന്നതാണ്. വിശുദ്ധ ഖുർആനിൽ വിവധ സന്ദർഭങ്ങളിൽ, അവർ അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെവലവഴിക്കുന്നവരായിരിക്കുമെന്നും സക്കാത്തു നൽകുന്നവരും ദാനധർമ്മങ്ങൾ ചെയ്യുന്നവരായിരിക്കും എന്നും അപ്രകാരം ധനം എങ്ങനെ വിനിയോഗിക്കപ്പെടുന്നു എന്നും വിവരിച്ചിട്ടുണ്ട്. ലോകത്ത് തൗഹീദ് പുനഃസ്ഥാപിക്കുക, നബി(സ) തിരുമേനിയുടെ, ഇസ്‌ലാമിന്റെ പതാക ലോകത്ത് പാറിപ്പറപ്പിക്കുക എന്ന ദൗത്യവുമായുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യത്തെ പൂർത്തിയാക്കുന്നതിനു വേണ്ടി ജമാഅത്തംഗങ്ങൾ ലോകമെമ്പാടും ധനത്യാഗത്തിന്റെ മാതൃകകൾ സമർപ്പിക്കുന്നു. ആ മാതൃകകൾ കണ്ടുകൊണ്ട്, ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ വരിഷ്ഠദാസനാണെന്നും അദ്ദേഹം മുഖേന തന്നെയാണ് ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ സന്ദേശം ലോകത്ത് വ്യാപിക്കേണ്ടത് എന്നുമുള്ള വിശ്വാസം മുൻപത്തേക്കാളുപരി ദൃഢമാകുന്നു. അഹ്മദിയ്യത്തിന്റെ എതിരാളികൾ അവരുടെ വിദ്വേഷത്തെ മാറ്റിനിർത്തിക്കൊണ്ട് ഈ ഒരൊറ്റ ദൃഷ്ടാന്തത്തെ നോക്കുകയാണെങ്കിൽ അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തിനുള്ള ഈ ഒരൊറ്റ അടയാളം കൊണ്ട് അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുവാൻ സാധിക്കുന്നതാണ്. പക്ഷെ ഈ നാമധാരികളായ പണ്ഡിതന്മാരുടെ ഹൃദയം കല്ലിനേക്കാളും കഠിനമാണ്.

അഹ്മദിയ്യാ ജമാഅത്ത് കോടിപതികളുടെ ജമാഅത്തൊന്നുമല്ല. ഈ ജമാഅത്ത് ഭൂരിഭാഗവും ദരിദ്രരും ശരാശരി നിലവാരത്തിലുള്ളവരുടേയും ജമാഅത്താണ്. എന്നിരുന്നാലും ത്യാഗവികാരമുള്ളവരാണ്. ഈ ജമാഅത്ത് തങ്ങളുടെ പരിമിതമായ മാർഗോപാധികളുപയോഗിച്ച് ചെയ്യുന്ന ജോലിയിൽ അല്ലാഹു അനുഗ്രഹം ചൊരിയുന്നു. ജമാഅത്ത് വികസിക്കുന്നതിനുസരിച്ച് വ്യത്യസ്ത ചിന്താഗതികളുള്ളവരും ശിക്ഷണത്തിന്റെ കുറവുള്ളവരും നാം ചന്ദ നൽകുന്നത് എന്തിനാണ്? എന്നു ചോദിക്കുന്നു, ചില പഴയ അഹ്മദികളിലും ഇത്തരം ആളുകളെ കാണാൻ സാധിക്കുന്നതാണ്. അത്തരം ആളുകൾ വീട്ടിൽ കുട്ടികളുടെ മുമ്പിലും ഇത്തരം കാര്യങ്ങൾ സംസാരിക്കുന്നു അങ്ങനെ കുട്ടികളിലും ഇത്തരം ചോദ്യമുയരാൻ തുടങ്ങുന്നു. അതുകൊണ്ട് തങ്ങളുടെ നിലപാടിലൂടെയും പ്രവൃത്തിയിലൂടെയും ആളുകളുടെ സംശയം ദൂരീകരിക്കുക എന്നത് ഭാരവാഹികളുടെ ചുമതലയാണ്. അവരെ വിശ്വസിപ്പിക്കുക. ത്യാഗം ചെയ്യുന്നവരുടെ ധനം വിനിയോഗിക്കപ്പെടുന്നതിനും പ്രത്യേകം രീതിയുണ്ട് എന്ന് അവർക്കു ബോധ്യമാകണം. അവരുടെ ധനാർപ്പണത്തിന് അല്ലാഹുവിന്റെ ദൃഷ്ടിയിൽ എത്രമാത്രം പ്രാധാന്യമാണുള്ളതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. ആ ത്യാഗങ്ങൾക്ക് പകരമായി അവർക്ക് അല്ലാഹുവിന്റെ പ്രീതി കരകതമാകുന്നു. ഈ ത്യാഗങ്ങൾ ഇസ്‌ലാമിക പ്രചാരണത്തിനായി വിനിയോഗിക്കപ്പെടുന്നു. നമ്മുടെ ടി.വി. ചാനൽ പ്രവർത്തിക്കുന്നുണ്ട്. മുബല്ലിഗുമാരുടെ പഠനത്തിനും അവരുടെ തബ്‌ലീഗ് പ്രവർത്തനങ്ങൾക്കുമുള്ള ചിലവുകളുമുണ്ട്. പള്ളികൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു, പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു, പാവപ്പെട്ടവരുടെയും വിശക്കുന്നവരുടെയും ആഹാരത്തിനും വിദ്യാഭ്യാസത്തിനുവേണ്ടിയും അത് വിനിയോഗിക്കപ്പെടുന്നു.

ആളുകളിൽനിന്നും വളെരെയധികം ചോദ്യങ്ങളുയരുന്നതുകൊണ്ടൊന്നുമല്ല ഞാനിക്കാര്യം വിവരിച്ചത് മറിച്ച് ജമാഅത്ത് വ്യാപിക്കുമ്പോൾ വ്യാപനത്തോടൊപ്പം തന്നെ ദോഷം പ്രചരിപ്പിക്കുന്നവരും പൈശാചികമായ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നവരും കടന്നുവരും അവർ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിലും തർബിയത്ത് കുറവുള്ളവരുടെ മനസ്സുകളിൽ സന്ദേഹങ്ങളുണ്ടാക്കുന്നതിനു ശ്രമം നടത്തും. അതിനുവേണ്ടിയാണ് ഇക്കാര്യം വിവരിച്ചത്. അല്ലാഹുവിനു നന്ദി, ജമാഅത്തിന്റെ മുന്നോട്ടുള്ള പോക്കിന് ചിലവ് ആവശ്യമാണെന്നും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്നത് അവന്റെ കല്പനയാണെന്നുമുള്ള ഉത്തമ ബോധ്യം ജമാഅത്തംഗങ്ങൾക്കുണ്ട്.

അല്ലാഹു ഈ ത്യാഗങ്ങൾ ഒരിക്കലും പാഴാക്കുകയില്ല. ത്യാഗം ചെയ്യുന്നവർക്ക് അവർക്ക് ഊഹിക്കാൻ പോലും പറ്റാത്ത മാർഗത്തിലൂടെ അല്ലുഹുവിന്റെ രിസ്ഖ്

നൽകുന്നതാണെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അല്ലാഹു അവന്റെ വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്നു. നിരവധി അഹ്മദികളുടെ ഉദാഹരണങ്ങളുണ്ട് തങ്ങളുടെ കയ്യിൽ ഒന്നുമില്ലാതിരുന്നിട്ടും അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി ചിലവഴിച്ചപ്പോൾ മറ്റേതെങ്കിലും മാർഗത്തിലൂടെ സംവിധാനമൊരുക്കി. ഇതെല്ലാം പഴയ കാര്യങ്ങളല്ല മറിച്ച് ഇത്തരം അനുഭവങ്ങളെക്കുറിച്ച് ഇന്നും ആളുകൾ എഴുതിക്കൊണ്ടിരിക്കുന്നു. അല്ലാഹു ഇന്നും വിശ്വാസികളുടെ ഈമാൻ ദൃഢപ്പെടുത്തുന്നു. ത്യാഗം ചെയ്യുന്നവരിൽ മാത്രമല്ല ഈ അനുഗ്രഹമുണ്ടാകുന്നത് മറിച്ച് ഈ സംഭവങ്ങൾ മുഖേന അവരുടെ ബന്ധുക്കളുടെയും വിശ്വാസം ദൃഢമാകുന്നു. അത്തരത്തിലുള്ള ഏതാനും ഉദാഹരണങ്ങൾ ഞാനിന്ന് സമർപ്പിക്കുന്നതാണ്.

അനന്തരം ഹുസൂർ(അയ്യദഹുല്ലാഹ്) ഗിനികൊണാകരി, കാനഡ, ദക്ഷിണാഫ്രിക്ക, ആസ്ട്രേലിയ, ഖസാകിസ്ഥാൻ, യു.കെ, ഭാരതം, ബുർക്കിനാഫോസോ, സിയറാലിയോൺ, ഗേബൂൻ, ജോർദാൻ, ബെലീസ്, സൻജബാർ, മൊറാക്കഷ്, അർജന്റൈൻ, ലൈബീരിയ, മാലി, ബെനിൻ തുടങ്ങിയ രാജ്യങ്ങളിലെ സ്ത്രീകളുടെയും പുരുഷന്മാരുടെയും വൃദ്ധന്മാരുടെയും കുട്ടികളുടെയും ധനികരുടെയും ദരിദ്രരുടെയും, ചുരുക്കത്തിൽ എല്ലാ വിഭാഗത്തിലുംപെട്ട ആത്മാർഥരായ അഹ്മദികളുടെ സാമ്പത്തിക ത്യാഗങ്ങളുടെ വിശ്വാസോജ്ജ്വലമായ സംഭവങ്ങൾ വിവരിച്ചു. ഇതു സംബന്ധിച്ച് വിവരിക്കുമ്പോൾ ഹുസൂർ(അയ്യദഹുല്ലാഹു) കേരളത്തിലെ കരുളായി ജമാഅത്തിലെ ഒരു വലിയ സമ്പന്നനായ സഹോദരനെക്കുറിച്ചു പറഞ്ഞു: അദ്ദേഹത്തിന് തഹ്രീകെ ജദീദ് ചന്ദഃ നൽകുന്ന കാര്യത്തിൽ അസാധാരണ ആവേശമുണ്ടായിരുന്നു. ഓരോ വർഷവും ഭാരിച്ച തുക അദ്ദേഹം നൽകാറുണ്ട്. ഈവർഷം കൊറോണ കാരണം പ്രതികൂല സാഹചര്യമായിരുന്നിട്ടും പത്തുലക്ഷത്തിനു പകരം പതിനെട്ടുലക്ഷത്തോളം തഹ്രീകെ ജദീദ് ചന്ദയായി നൽകി. ഇനിയും കൂടുതൽ നൽകാൻ ഒരുക്കമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനികരായ അഹ്മദികളിലും ഒരു വിഭാഗം അർപ്പണമനോഭാവമുള്ളവരായിട്ടുണ്ട്. അവർ പണം ലഭിക്കുമ്പോൾ ഒളിപ്പിച്ചു വയ്ക്കാതെ അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കാൻ ശ്രമിക്കുന്നവാണ്.

ഗിനികൊണാകരിയിലെ ബോക്കോ റീജിണിലെ ഒരു ഗ്രാമത്തിലെ മിഷണറി പറയുന്നു: ഒരു ആത്മാർഥനായ അഹ്മദി ജിബ്രീൽ സാഹിബിന് ആശാരിപ്പണിയായിരുന്നു. തഹ്രീകെ ജദീദ് ചന്ദഃ നൽകുന്നതിനായി ഉദ്ബോധിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ ഇന്നത്തെ ചിലവിനായി ഇരുപതിനായിരം ഫ്രാങ്ക് വച്ചിരുന്നു അതു മുഴുവനും ഞാൻ ചന്ദഃയായി നൽകുകയാണ്. അതു കഴിഞ്ഞാൽ പിന്നെ ഞങ്ങളുടെ കയ്യിൽ ഒന്നിമില്ല. അല്ലാഹു ഞങ്ങളുടെ ത്യാഗത്തെ സ്വീകരിക്കുമാറാകട്ടെ എന്നു ദുആ ചെയ്യുകയാണ്. ജിബ്രീൽ സാഹിബ് പറയുകയാണ്: കഴിഞ്ഞ മൂന്നു മാസമായി തടികൊണ്ടുള്ള കട്ടിൽ വില്പനക്കു വച്ചിരിക്കുകയായിരുന്നു. എന്നാൽ അതു വാങ്ങാൻ ആരും വരുന്നുണ്ടായിരുന്നില്ല. ചന്ദഃ നൽകി അല്പ സമയത്തിനു ശേഷം ഒരാൾ വന്ന് ആ ബെഡ് ഒരു മില്യൺ അഞ്ചുലക്ഷം ഫ്രാങ്കിന് വാങ്ങുകയുണ്ടായി. ജിബ്രീൽ സാഹിബ് ഉടൻ തന്നെ നമ്മുടെ മിഷണറിക്ക് ഫോൺ ചെയ്തുകൊണ്ടു പറഞ്ഞു: അല്ലാഹു നമ്മുടെ ത്യാഗത്തെ സ്വീകരിക്കുക മാത്രമല്ല ചെയ്തത് മറിച്ച് അനേകം മടങ്ങ് വർധിപ്പിച്ചുകൊണ്ട് തിരിച്ചുനൽകുകയും ചെയ്തിരിക്കുന്നു. ഇക്കാര്യം അദ്ദേഹം വിശ്വാസ വർധനവിനായി തന്റെ സുഹൃത്തുക്കൾക്കും കേൾപ്പിച്ചു.

കുട്ടികളുടെ ത്യാഗത്തിന്റെയും അത്ഭുതാവഹമായ കാഴ്ചകളാണ് കാണാൻ സാധിക്കുന്നത്. ഇതു സംബന്ധമായി തൻസാനിയയിലെ സുമ്പൂയയിലെ മുഅല്ലിം എഴുതുന്നു: നാലാം ക്ലാസ്സിൽ പഠിക്കുന്ന മൂന്നു കുട്ടികൾ ജമാഅത്തിലുണ്ട് അവർ പള്ളിയിലെ തഅ്ലീം തർബിയത്ത് ക്ലാസ്സുകളിൽ കൃത്യമായി പങ്കെടുക്കുന്നവരാണ്. മൂന്നു കുട്ടികളുടേതും ദരിദ്രകുടുംബമാണ്. സ്ഥിരവരുമാനമില്ലാത്തവരാണ്. കഴിഞ്ഞ മാസം മുതൽ അവർ ഒരു മത്സരം തുടങ്ങി തഹ്രീകെ ജദീദ് ചന്ദഃ അടക്കുന്നതിനുള്ള മത്സരമായിരുന്നു അത്. ഓരോരുത്തരും ഒറ്റയ്ക്കൊറ്റക്കായി ചന്ദഃ കൊണ്ടുവന്നു നൽകിക്കൊണ്ടിരുന്നു. അവരവർക്കു കിട്ടുന്ന തുക എല്ലാം നൽകുന്നതിനുള്ള ശ്രമമായിരുന്നു. അത്തരത്തിൽ ഓരോരുത്തരും അഞ്ഞൂറ്, നാന്നൂറ്, എഴുന്നൂറ് ഷില്ലിങ് എന്നിങ്ങനെയായി അവരുടെ കയ്യിലുണ്ടായിരുന്നത് ചന്ദഃയായി നൽകി. അദ്ദേഹം പറയുകയാണ്: ഒരിക്കൽ ഞാനവരോട് ചോദിച്ചു: നിങ്ങൾ ചന്ദഃ നൽകുന്നതിനായി പൈസ കൊണ്ടുവരുന്നത് എവിടെ നിന്നാണ്? ഒരാൾ പറഞ്ഞു: ഞാൻ മാതാവിന്റെ കൂടെ കാട്ടിൽ വിറകു വെട്ടുവാൻ പോകാറുണ്ട് എനിക്ക് കിട്ടുന്ന പോക്കറ്റ് മണിയിൽ നിന്നും തഹ്രീകെ ജദീദ് ചന്ദഃ നൽകാനായി മാറ്റി വയ്ക്കുന്നു. ഞാൻ ചന്ദഃ നൽകാൻ തുടങ്ങിയതു മുതൽ വിറകു വാങ്ങുവാൻ ആളുകൾ പെട്ടെന്നു വന്നുകൊണ്ടിരുന്നു ഒരിക്കലും നഷ്ടമുണ്ടായിട്ടില്ല. രണ്ടാമനും പറഞ്ഞു: തനിക്കു ലഭിക്കുന്ന പോക്കറ്റ് മണിയിൽ നിന്നും ചന്ദഃ നൽകുന്നു. മൂന്നാമൻ പറഞ്ഞു: തന്റെ വീടിനടുത്തുള്ള ഫലവൃക്ഷങ്ങളിൽ ഫലങ്ങളുണ്ടാകാറുണ്ട്. കഴിക്കുവാനുള്ള പഴത്തിൽ നിന്നും പലപ്പോഴായി വിൽക്കുകയും ചെയ്തു. വിറ്റുകിട്ടുന്ന തുക തഹ്രീകെ ജദീദ് ചന്ദഃയായി നൽകും. ചന്ദഃ നൽകുന്നതുകൊണ്ട് അവർക്കുണ്ടായ അനുഗ്രഹങ്ങളെക്കുറിച്ചും അവർ വിവരിച്ചു; എപ്രകാരമാണ് അവരുടെ ജീവിതം സമാധാനപൂർണമായത് എന്ന്. അല്ലാഹു ഈ കുട്ടികളുടെ വിശ്വാസവും ആത്മാർഥതയും വർധിപ്പിക്കുമാറാകട്ടെ. ഇതാണ് വിശ്വാസം. നമ്മുടെ കുട്ടികളും വിശ്വാസത്തിന്റെ രുചി നുകരുന്നു.

ഹുസൂർ(അയ്യദഹുല്ലാഹു) പറഞ്ഞു: ജനങ്ങളുടെ ഉള്ളിലുണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവമാണിത്. അല്ലാഹു നമുക്കേവർക്കും ഇസ്ലാമിന്റെ പ്രചാരണത്തിനായി ത്യാഗങ്ങൾ സമർപ്പിക്കുവാനുള്ള തൗഫീഖ് നൽകട്ടെ. തങ്ങളുടെ പരിശുദ്ധമായ വരുമാനത്തിൽനിന്നും ത്യാഗം ചെയ്യുന്നവരാകട്ടെ. ഈ ത്യാഗങ്ങളെല്ലാം സ്വീകാര്യമാവുകയും

അല്ലാഹു നമ്മിൽ സംപ്രീതനാകുകയും ചെയ്യട്ടെ. (ആമീൻ).

തഹ്‌രീകെ ജദീദിന്റെ 87-ാം വർഷത്തിൽ ആഗോള അഹ്മദിയ്യാ ജമാഅത്തിന് 15.3 മില്ല്യൺ പൗണ്ടിന്റെ ത്യാഗം സമർപ്പിക്കുവാനുള്ള സൗഭാഗ്യമുണ്ടായി. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 8 ലക്ഷത്തി 42 ആയിരം പൗണ്ട് കൂടുതലാണ്. അതോടൊപ്പം ഹുസൂർ(അയ്യദഹുല്ലാഹു) തഹ് രീകെ ജദീദിന്റെ പുതുവർഷ വിളംബരം നടത്തുകയും ചെയ്തു.

ഈ വർഷം ലോകാടിസ്ഥാനത്തിൽ ജർമ്മനി ഒന്നാം സ്ഥാനത്താണ്. പാക്കിസ്ഥാനിലെ അവസ്ഥ വിവരിച്ചുകൊണ്ട് ഹുസൂർ പറഞ്ഞു: പാക്കിസ്ഥാനിലെ സാമ്പത്തികാവസ്ഥ മോശമാണ് അതുകൂടാതെ ഇപ്പോൾ മറ്റു പ്രയാസങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നു. അവർ ത്യാഗങ്ങളിൽ മുന്നേറുന്നവർ തന്നെയാണ്. അവർക്കുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവരുടെ പ്രയാസങ്ങൾ ദൂരീകരിക്കുമാറാകട്ടെ, അവർക്കും എല്ലാ ഇജ്തിമാകളും ജലസകളും മറ്റു പ്രവർത്തനങ്ങളും സ്വാതന്ത്ര്യത്തോടെ നടത്തുവാൻ സാധിക്കട്ടെ, അവരുടെ ത്യാഗങ്ങളെക്കുറിച്ച് തുറന്നു പ്രഖ്യാപിക്കാൻ നമുക്ക് സാധിക്കട്ടെ. ഇപ്പോൾ ചില നിർബന്ധിത സാഹചര്യത്താൽ അവരുടെ ത്യാഗങ്ങളെ വിവരിക്കുവാനും സാധിക്കുന്നില്ല.

ഈ വർഷം ലോകാടിസ്ഥാനത്തിൽ ജർമ്മനി ഒന്നാം സ്ഥാനത്താണ്. അതിനുശേഷം യഥാക്രമം ബ്രിട്ടൺ, അമേരിക്ക, കാനഡ, മിഡിൽ ഈസ്റ്റിലെ ഒരു പ്രദേശം, ഇന്ത്യ, ഓസ്ട്രേലിയ, ഇന്തോനേഷ്യ, ഘാന, മിഡിൽ ഈസ്റ്റിലെ മറ്റൊരു ജമാഅത്ത് എന്നിങ്ങനെയാണ്.

പദ്ധതിയിൽ അംഗങ്ങളുടെ വർധനവിന്റെ അടിസ്ഥാനത്തിൽ ആഫ്രിക്കൻ രാജ്യങ്ങളിൽ നൈജീരിയ ഒന്നാം സ്ഥാനത്താണ്. അതിനുശേഷം യഥാക്രമം ഗാംബിയ, സെനിഗൽ, ഘാന, തൻസാനിയ, ഗിനികൊണാകരി, മലാവി, ഉഗാണ്ട, ഗിനിവസാഊ, കോംഗോ കിൻശാസാ, ബുർക്കിനാഫോസോ, കോംഗോ, ബ്രാസ്‌വീൽ എന്നിങ്ങനെ സ്ഥാനങ്ങളാണ്.

അംഗങ്ങളുടെ വർധനവനുസരിച്ചുള്ളതിൽ ആഫ്രിക്കൻ രാജ്യങ്ങളെ കൂടാതെ ജർമ്മനി, ബ്രിട്ടൺ, ഹോളണ്ട്, ബംഗ്ലാദേശ്, മൗറീഷ്യസ് എന്നീ രാജ്യങ്ങളിൽ വലിയ തോതിൽ വർധനവ് ഉണ്ടായിട്ടുണ്ട്.

മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ പത്ത് ജമാഅത്തുകൾ യഥാക്രമം ഇപ്രകാരമാണ്, ഖാദിയാൻ ഒന്നാം സ്ഥാനത്താണ്. പിന്നീട് കോയമ്പത്തൂർ, ഹൈദരാബാദ്, കരുളായി, പത്തപ്പിരിയം, കൊൽക്കത്ത, ബാംഗ്ലൂർ, കേരംഗ്, കോഴിക്കോട്, മേലപ്പാളയം.

ത്യാഗങ്ങളുടെ അടിസ്ഥാനത്തിലുള്ള ഇന്ത്യയിലെ സംസ്ഥാനങ്ങൾ, കേരളം, തമിഴ്നാട്, ജമ്മുകശ്മീർ, കർണാടക, തെലുങ്കാനാ, ഒഡിഷ, പഞ്ചാബ്, ബംഗാൾ, ഡൽഹി, ലക്ഷദ്വീപ്.

ഹുസൂർ(അയ്യദഹുല്ലാഹു) ത്യാഗങ്ങൾ സമർപ്പിച്ച എല്ലാവർക്കും വേണ്ടി ദുആ ചെയ്തു. അല്ലാഹു എല്ലാവരുടെയും ജീവനും സ്വത്തിലും അളവറ്റ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ, അവരുടെ ത്യാഗങ്ങൾ സ്വീകരിക്കുമാറാകട്ടെ. ആമീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 05.11.2021

Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516